കേരള സർക്കാർ

സംഗ്രഹം

**തദ്ദേശ സ്വയംഭരണ വകുപ്പ് - കുന്നംകുളം നഗരസഭ തുറക്കുളം ആധുനിക മാർക്കറ്റ് നിർമ്മാണം -നിലവിലെ ബി.ഒ.ടി. കരാർ റദ്ദ് ചെയ്യുന്നതിനും തുടർപ്രവൃത്തികൾ നഗരസഭ ഏറ്റെടുക്കുന്നതിനും അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.**

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(എം.എസ്)നം.99/2019/ തസ്വഭവ തിരുവനന്തപുരം, തീയതി, 26.07.2019.

പരാമർശം:- 1. 12/08/2010 ലെ സർക്കാർ ഉത്തരവ്(എം.എസ്) നം.175/10/തസ്വഭവ

2. നഗരകാര്യ ഡയറക്ടറുടെ 03/04/2019 ലെ ഡി.സി3/20184/2013 നമ്പർ കത്ത്.

ഉത്തരവ്

കുന്നംകുളം നഗരസഭ ബി.ഒ.ടി. വ്യവസ്ഥയിൽ തുറക്കുളം പ്രദേശത്ത് ആധുനിക മാർക്കറ്റ് നിർമ്മിക്കുന്നതിന് കുന്നംകുളം നഗരസഭയും അൽകോം ട്രേഡ് വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി എഗ്രിമെന്റിൽ ഏർപ്പെടുന്നതിന് പരാമർശ ഉത്തരവ് പ്രകാരം അനുമതി നല്കിയിരുന്നു. എന്നാൽ അൽകോം ട്രേഡ് വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് പകരം അൽകോം പ്രൊജക്ട് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി നഗരസഭാ എഗ്രിമെന്റിലേർപ്പെടുകയും തുടർന്ന് ടി സ്ഥാപനം നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുകയും കരാർ കാലാവധി പ്രകാരമുള്ള 36 മാസക്കാലത്തിനുള്ളിൽ നിർദ്ദിഷ്ട പ്രവൃത്തി പൂർത്തീകരിക്കാൻ BOT വ്യവസ്ഥയിൽ ഏറ്റെടുത്ത കമ്പനിക്കു സാധിക്കാതെ വരുകയും തുറക്കുളം മാർക്കറ്റ് നിർമ്മാണം നഗരസഭയെ സംബന്ധിച്ച് അടിയന്തിരമായി പൂർത്തീകരിച്ച് തുറന്ന് നൽകേണ്ടതിനാൽ ബി.ഒ.ടി. കരാർ റദ്ദ് ചെയ്യുന്നതിനും തുടർപ്രവൃത്തികൾ നഗരസഭ ഏറ്റെടുക്കുന്നതിനും നഗരസഭ കൗൺസിൽ തീരുമാനിക്കുകയും അതിന് സർക്കാർ അനുമതി നല്കുന്നതിനായി കുന്നംകുളം നഗരസഭ സെക്രട്ടറിയുടെ പ്രൊപ്പോസൽ പരാമർശം (2) പ്രകാരം നഗരകാര്യ ഡയറക്ടർ സർക്കാരിലേയ്ക്ക് ശിപാർശ ചെയ്തയിച്ചിരുന്നു.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുന്നംകുളം മുനിസിപ്പാലിറ്റി അൽകോം പ്രൊജക്ട് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയുമായി ഏർപ്പെട്ട കരാറിലെ എഗ്രിമെന്റ് വ്യവസ്ഥ പ്രകാരം കമ്പനി 12.10.2014 ൽ നിർമ്മാണ പ്രവത്തി പൂർത്തിക്കരിക്കേണ്ടതായിരുന്നു. ടി പ്രോജക്ടിന്റെ കൺസൾട്ടൻസ് ഏജൻസി ഇതിനായി ഒന്നും തന്നെ ചെയ്തിട്ടില്ലെന്നും കരാർ വ്യവസ്ഥപ്രകാരം പ്രവൃത്തിക്കാത്ത കരാറുകാരനുമായി നഗരസഭ കരാർ തുടർന്നു കൊണ്ട് പോകേണ്ടതില്ലെന്നും നഗരസഭാ കൗൺസിലിനു നിലവിലുള്ള കരാർ അവസാനിപ്പിക്കുവാൻ അവകാശമുള്ളതുമാണന്ന നഗരകാര്യ ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കുന്നംകുളം നഗരസഭ അൽകോം പ്രൊജക്ട് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയുമായി ഏർപ്പെട്ട കരാറിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും കുന്നംകുളം

നഗരസഭ ബി.ഒ.ടി. വ്യവസ്ഥയിൽ തുറക്കുളം പ്രദേശത്ത് ആധുനിക മാർക്കറ്റ് നിർമ്മിക്കുന്നതിന് നഗരസഭയും അൽകോം പ്രൊജക്റ്റ് ഡെവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനവുമായി എർപ്പെട്ട കരാർ റദ്ദ് ചെയ്യുന്നതിനും തുടർ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനും കുന്നംകുളം നഗരസഭയ്ക്ക് അനുമതി നല്കി ഉത്തരവാകുന്നു .

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

നഗരസഭ ചെയർമാൻ /സെക്രട്ടറി ,കുന്നംകുളം നഗരസഭ

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ), കേരളം, തിരുവനന്തപുരം

എക്സിക്യൂട്ടിവ് ഡയറക്ടർ,ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.

ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം

സ്റ്റേറ്റ് പെർഫോമൻസ് ആഡിറ്റ് , തിരുവനന്തപുരം

തദ്ദേശസ്വയംഭരണ (ഒ . എസ് ) വകുപ്പ് , ഡിബി2/353/18

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്-ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ യ്ക്ക്